# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 134**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

നമ്മുടെ സഭയുടെ സീനിയർ വികാരി ജനറാളായി അനുഗ്രഹകരമായ ശുശ്രൂഷ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന വന്ദ്യ ദിവ്യശ്രീ. ജോർജ് മാത്യു കശ്ശീശാ 2024 ജൂൺ 30–ാം തീയതി സഭയുടെ സജീവ സേവനത്തിൽ നിന്നു വിരമിക്കുകയാണ്. 2021 ജൂലൈ മാസം മുതൽ വികാരി ജനറാൾ ആയി ധന്യമായ ശുശ്രൂഷയാണ് അച്ചനിൽ നിന്നും സഭയ്ക്ക് ലഭിച്ചിട്ടുള്ളത്. ചെങ്ങന്നൂർ–മാവേലിക്കര, റാന്നി–നിലയ്ക്കൽ, നിരണം–മാരാമൺ എന്നീ ഭദ്രാസനങ്ങളിൽ വികാരി ജനറാൾ ആയി അച്ചൻ ശ്രേഷ്ഠ സേവനം നിർവ്വഹിച്ചു. മെത്രാപ്പോലീത്തായുടെ പട്ടത്വ സുവർണ്ണജൂബിലി പദ്ധതികളായ 'അഭയം' പാർപ്പിട പദ്ധതിയുടെയും 'ലക്ഷ്യ' വിദ്യാഭ്യാസ സഹായ പദ്ധതിയുടെയും കൺവീനറായി ഏറ്റവും ഫലപ്രദമായ രീതിയിൽ അച്ചൻ പ്രവർത്തിച്ചു. അച്ചനിലൂടെ സഭയ്ക്ക് ലഭിച്ച ശുശ്രൂഷകളെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും അച്ചന്റെ സേവനങ്ങളെ നന്ദിപൂർവ്വം ഓർക്കുകയും ചെയ്യുന്നു. അച്ചന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾ സഭയ്ക്കും സമൂഹത്തിനും അനുഗ്രഹകരമാകുവാൻ എല്ലാവരും പ്രാർത്ഥിക്കണം.

2024 ജൂലൈ മാസം 1–ാം തീയതി മുതൽ വന്ദ്യ ദിവ്യശ്രീ ഡോ. ഈശോ മാത്യു കശ്ശീശാ സീനിയർ വികാരി ജനറാൾ ആയി ചുമതലയിൽ പ്രവേശിക്കുന്നതാണ്. അതോടൊപ്പം നിരണം–മാരാമൺ ഭദ്രാസനത്തിന്റെ വികാരി ജനറാൾ എന്ന ചുമതലയിൽ തുടരുന്നതുമായിരിക്കും. അച്ചന്റെ ശുശ്രൂഷകളും നേതൃത്വവും സഭയുടെ അർത്ഥവത്തായ ദൗത്യനിർവ്വഹണത്തിന് മുഖാന്തിരമാകുവാൻ എല്ലാവരുടെയും പ്രാർത്ഥനാപൂർവ്വമായ സഹകരണം നൽകണം. സീനിയർ വികാരി ജനറാൾ എന്ന നിലയിലുള്ള അച്ചന്റെ ശുശ്രൂഷകൾ ഏറ്റവും അനുഗ്രഹകരമാകുവാൻ കർത്താവ് സഹായിക്കട്ടെ.

നമ്മുടെ കർത്താവ് യേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

എന്ന് തിരുവല്ല പൂലാത്തീനിൽ നിന്നും 2024 ജൂൺ മാസം 26–ാം തീയതി

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 134**

*Blessings to all the Vicars, resident clergy, trustees and members of all the parishes under our authority.*

Dearly beloved in Christ,

Very Rev. George Mathew, who serves the Church in a blessed manner as the Senior Vicar General, is retiring from the active service of the Church on June 30, 2024. Achen has served the Church as Vicar General in a gracious manner since July 2021. He rendered valuable services as the Vicar General of Chengannur-Mavelikara, Ranni-Nilackal, and Niranam-Maramon Dioceses. He also worked most effectively as the Convenor of the Metropolitan's Ordination Golden Jubilee projects: the "Abhayam" housing scheme and the "Lakshya" educational assistance scheme. We praise God for his ministry through the Church and gratefully acknowledge his services. Let us pray that Achen's further endeavours may be a blessing to the Church and society.

Very Rev. Dr. Easow Mathew will assume responsibility as the Senior Vicar General from 1st July 2024. Along with this, he will continue as the Vicar General of Niranam-Maramon Diocese. Let us extend prayerful cooperation so that Achen's ministry and leadership enables the Church to carry out its meaningful mission. May the Lord enable Achen's ministry as Senior Vicar General to be most blessed.

May the grace of the Lord Jesus Christ be with you all.

Dated 26th June 2024 from Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan.**